**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 643** **24-08-2022 - ൽ മറുപടിയ്ക്ക്**

**അളഗപ്പ ടെക്സ്റ്റയിൽസിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരിയെ തുടർന്ന് പ്രവർത്തനം നിലച്ച അളഗപ്പ ടെക്സ്റ്റയിൽസ് തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) | കോവിഡിന്റെ പശ്ചാത്തലത്തിൽ സാമ്പത്തിക പ്രതിസന്ധി കാരണം ലേഓഫിൽ ആയ അളഗപ്പ ടെക്സ്റ്റൈൽസ് ഉൾപ്പെടെയുള്ള സംസ്ഥാനത്തെ 5 എൻ.ടി.സി മില്ലുകളുടെ നിലവിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് സ്പെഷ്യൽ പാക്കേജ് രൂപീകരിച്ച് പുനരുദ്ധരിക്കുകയോ കേരള സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്ത് അയച്ചിരുന്നു. കോവിഡ് മഹാമാരിയെതുടർന്നുള്ള ലോക്ഡൗൺ മൂലമുണ്ടായ പ്രവർത്തന മൂലധനശോഷണവും മറ്റു സാമ്പത്തിക പ്രതിസന്ധികളും കാരണം എൻ.ടി.സി മില്ലുകളുടെ പ്രവർത്തനം തുടരാനായില്ലെന്നും ഇത് തരണം ചെയ്യുന്നതിനായി കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയം പുതിയ ഒരു പദ്ധതിയ്ക്ക് വേണ്ടി നീതി ആയോഗും (NITI Aayog) കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ പബ്ലിക് എന്റർപ്രൈസസ് വകുപ്പുമായി ബന്ധപ്പെട്ട് ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി വരികയാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. |
| (ബി) | കമ്പനിയുടെ കൈവശമുള്ളതും നിലവിൽ ഉപയോഗിക്കാതെ കിടക്കുന്നതുമായ സ്ഥലം ഏറ്റെടുത്ത് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | ദേശസാത്ക്കരണത്തിനു ശേഷം അളഗപ്പ ടെക്സ്റ്റൈൽസും കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലായതിനാൽ, കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായാൽ മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ